**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1374** **04-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി കിഫ്ബി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി ഭൂമിയില്ലാത്തത് കാരണം ഭൗതിക സൗകര്യം മെച്ചപ്പെടുത്താൻ കഴിയാത്ത സർക്കാർ എൽ.പി., യു.പി. വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | **ഇല്ല. എന്നാൽ സ്വന്തമായി ഭൂമി ഇല്ലാത്തതോ അപര്യാപതമോ ആയ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്ന തിനായി പദ്ധതി രൂപീകരിക്കു ന്നതിന് 2019-ലെ കേരള ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 104—ൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു** |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ എൽ.പി., യു.പി. വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങിക്കുന്നതിനായി കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന സർക്കാർ എൽ.പി , യു.പി വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്ന തിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ കൾ സർക്കാരിൽ ലഭ്യമാകുന്ന പക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്കൂളുകളുടെ അപേക്ഷകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന സർക്കാർ എൽ.പി , യു.പി വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്ന തിന് കിഫ്ബിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ കൾ സർക്കാരിൽ ലഭ്യമാകുന്ന പക്ഷം ആയത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ